കേരള സർക്കാർ

<u>സംഗ്രഹം</u>

മത്സ്യബന്ധന വകുപ്പ് - കോഴിക്കോട് ജില്ലയിലെ വടകര നിയമസഭാ മണ്ഡലത്തിലെ തീരദേശ റോഡിന്റെ നിലവാരം ഉയർത്തുന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്

**G.O.(Rt)No. 467/2025/F&P** **Dated,01/07/2025**

എ.എസ് നമ്പർ : AS/FSH/25/43551 കാലാവധി : 30/06/2028

പരാമർശം:-

1. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 13.06.2025 – ലെ HECE/498/2024-D7 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കോഴിക്കോട് ജില്ലയിലെ വടകര നിയോജക മണ്ഡലത്തിലെ തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

<u>പ്രവർത്തിയുടെ പേര് / നിർദേശങ്ങൾ</u>

| ക്രമ നമ്പർ | പ്രവർത്തികൾ | തുക (രൂപയിൽ ) |
|---|---|---|
| 1 | വല്ലത്ത് കുന്ന് സബ് സെന്റർ റോഡ് | 32,10,000 |
| ആകെ (മുപ്പത്തി രണ്ട് ലക്ഷത്തിപതിനായിരം രൂപ) | | **32,10,000** |

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ ശിപാർശ പരിഗണിച്ച് കോഴിക്കോട് ജില്ലയിലെ വടകര നിയോജക മണ്ഡലത്തിലെ ഒഞ്ചിയം ഗ്രാമ പഞ്ചായത്തിലെ വല്ലത്ത് കുന്ന് സബ് സെന്റർ റോഡിന്റെ നിലവാരം ഉയർത്തുന്ന പ്രവൃത്തിയ്ക്ക് 2025-26 സാമ്പത്തിക വർഷത്തെ ”4405-00-103-94 തീരദേശ

AS/FSH/25/43551

റോഡുകളുടെ നിലവാരമുയർത്തൽ '' (നോൺ പ്ലാൻ) ശീർഷകത്തിൽ നിന്നും 32.10 ലക്ഷം രൂപയുടെ (മുപ്പത്തി രണ്ട് ലക്ഷത്തി പതിനായിരം രൂപ മാത്രം) ഭരണാനുമതി നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം ,
ജോയിന്റ് സെക്രട്ടറി
മത്സ്യബന്ധന വകുപ്പ്

To
ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്/ എ & ഇ) കേരളം, തിരുവനന്തപുരം
ഡെപ്യൂട്ടി ഡയറക്ടർ 11, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം. സി3/104/2025/മതുവ ) .

ഓർഡർ പ്രകാരം കൈമാറി,
Sameer Kumar O.J

Digitally signed by Sameer Kumar. O. J
Date:08-07-2025 15:23:28

AS/FSH/25/4351